LIBRARY ARCHIVES Kerala Legislative Assembly

മിഷൻ 676

52 (1523) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനത്തിന് മിഷൻ 676 മുഖേന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേകൂട്ടി തന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്.

മിൽമ പാലിന്റെ വില വർദ്ധനവ്

53 (1524) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധതരം മിൽമാ പാലിന് ഒരു ലിറ്ററിന് എന്ത് വിലയായിരുന്നു ;

(ബി) പിന്നീട് എത്ര തവണ പാൽവില വർദ്ധിപ്പിച്ചു ; ഓരോ തവണ വില വർദ്ധിപ്പിച്ചപ്പോഴും ലിറ്ററിന് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വിവിധതരം മിൽമ പാലിന്റെ വില ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.